# കമ്മ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)
## കേരള സംസ്ഥാനകമ്മിറ്റി

തിരുവനന്തപുരം
24.08.2013

*പ്രസിദ്ധീകരണത്തിന്*

### സെക്രട്ടേറിയറ്റ് ഉപരോധസമരം സംബന്ധിച്ച് എ. വിജയരാഘവന്റെ അധ്യക്ഷതയിൽ ചേർന്ന സി.പി.ഐ (എം) സംസ്ഥാന കമ്മിറ്റി യോഗം അംഗീകരിച്ച പ്രമേയം

സൗരോർജ്ജ പദ്ധതിയുമായി കേരളത്തിൽ ടീം സോളാർ എന്ന കമ്പനിയുടെ പേരിൽ ബിജു രാധാകൃഷ്ണനും സരിത. എസ്. നായരും പലരേയും കബളിപ്പിച്ച് പണം തട്ടിയെടുത്തതിനെക്കുറിച്ചും തട്ടിപ്പിന് നേതൃത്വം കൊടുത്തവർക്ക് മുഖ്യമന്ത്രിയുടെ ഓഫീസുമായുള്ള ബന്ധത്തെക്കുറിച്ചും കൈരളി–പീപ്പിൾ ടി.വി ജൂൺ 11–ന് വാർത്ത നൽകി. ജൂൺ 12–നുതന്നെ കേരള നിയമസഭയിൽ പൊതുഭരണവകുപ്പിന്റെ ചർച്ചയിൽ പങ്കെടുത്ത പ്രതിപക്ഷ നേതാവ് സ: വി.എസ് അടക്കമുള്ള സഖാക്കൾ ഈ പ്രശ്നം ഉന്നയിക്കുകയുണ്ടായി. ജൂൺ 13–ന് അടിയന്തര പ്രമേയം നിയമസഭയിൽ അവതരിപ്പിച്ചു. മുഖ്യമന്ത്രിയുടെ ഓഫീസിനു മാത്രമല്ല, മുഖ്യമന്ത്രിക്കുതന്നെ ഈ തട്ടിപ്പുമായുള്ള ബന്ധം പുറത്തുവന്നു.

തട്ടിപ്പിന് നേതൃത്വം കൊടുത്തവർ തട്ടിപ്പിന് മറയായുപയോഗിച്ചത് മുഖ്യമന്ത്രിയെയാണെന്ന വിവരം പുറത്തുവന്നു. തട്ടിപ്പിനിരയായവരിൽ പദ്ധതിയെക്കുറിച്ച് വിശ്വാസമുണ്ടാക്കാൻ സരിതാ നായർ മുഖ്യമന്ത്രിയെ ബന്ധപ്പെടുത്തിയിരുന്നു. ചിലരുടെ അടുത്തുനിന്ന് സരിത മുഖ്യമന്ത്രിയെ ടെലഫോണിൽ വിളിച്ച് സംസാരിക്കുമായിരുന്നു. ചിലരെ നേരിട്ട് മുഖ്യമന്ത്രിയുടെ അടുത്തുകൊണ്ടുപോയി *''പദ്ധതിയെക്കുറിച്ച് സംശയമൊന്നും വേണ്ട, നല്ല പദ്ധതിയാണ്, മുന്നോട്ട് പോയ്ക്കോളൂ''* എന്ന് മുഖ്യമന്ത്രിയെ കൊണ്ടുതന്നെ പറയിപ്പിക്കുമായിരുന്നു. തട്ടിപ്പു നായകരുടെ സംരക്ഷകന്റെ ഭാഗമാണ് മുഖ്യമന്ത്രിക്കുണ്ടായത്.

ബിജു രാധാകൃഷ്ണനും സരിതയും നടത്തിയ ചില തട്ടിപ്പുകളെപ്പറ്റി എൽ.ഡി.എഫ് സർക്കാർ അധികാരത്തിലുള്ളപ്പോൾ പരാതി ഉണ്ടായിരുന്നു. അക്കാലത്ത് പരാതിയിന്മേൽ കർക്കശ നടപടി സ്വീകരിച്ചതിന്റെ ഭാഗമായി ബിജു രാധാകൃഷ്ണനും സരിതയും കസ്റ്റഡിയിലാവുകയും ജയിലിലാവുകയും ചെയ്തിരുന്നു. ആ ഘട്ടത്തിൽ ജയിലിൽ വെച്ചാണ് സരിത പ്രസവിച്ചത്. പിന്നീട് കോടതിയിൽനിന്നും ജാമ്യം ലഭിച്ച രണ്ടുപേരും ജാമ്യത്തിലിറങ്ങിയതിനുശേഷം കേരളം പ്രവർത്തനകേന്ദ്രമാക്കിയില്ല. രണ്ടുപേരും കേരളത്തിൽനിന്ന് താമസം മാറ്റി. പ്രവർത്തനം കേരളത്തിനു പുറത്തായി.

എൽ.ഡി.എഫ് അധികാരത്തിലുള്ളപ്പോൾ കേരളം തങ്ങളുടെ പ്രവർത്തനത്തിനു പറ്റിയ സ്ഥലമല്ലെന്ന് തീരുമാനിച്ച് പുറത്തുപോയവർ തിരിച്ചുവരുന്നത് യു.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ്. തട്ടിപ്പിന് രണ്ടുപേർക്കും തുല്യ പങ്കാളിത്തമാണുള്ളതെങ്കിലും ഭരണതലത്തിലുള്ള പല പ്രമുഖരേയും പ്രത്യേകരീതിയിൽ സ്വാധീനിച്ച് തട്ടിപ്പിന് സഹായകമായ നിലപാടിലേക്കെത്തിച്ചത് സരിതയാണ്.

മുഖ്യമന്ത്രിയുമായി സരിത നല്ല ബന്ധം തുടക്കം മുതലേ പുലർത്തിയിരുന്നു. മുഖ്യമന്ത്രിയുടെ അടുത്ത ബന്ധുക്കളുമായും സരിതയ്ക്ക് നല്ല ബന്ധമായിരുന്നു. 2011 മെയ് മാസത്തിൽ അധികാരത്തിൽ വന്ന യു.ഡി.എഫ് സർക്കാരിന്റെ തുടക്കം മുതൽതന്നെ ഈ സംഘം കേരളത്തിലേക്ക് പ്രവർത്തനം മാറ്റി. 2012 ജനുവരിയിൽ കോട്ടയം ജില്ലയിൽ കടപ്ലാമറ്റത്ത് ഒരു പരിപാടിയിൽ മുഖ്യമന്ത്രിയുടെ കാതിൽ സരിത സ്വകാര്യം പറയുന്ന ചിത്രം കൈരളി–പീപ്പിൾ ടി.വി ആഗസ്റ്റ് 11–ന് സംപ്രേഷണം ചെയ്യുകയുണ്ടായി. അധികാരത്തിലേറി ഏഴുമാസം കഴിയുമ്പോഴേക്കും മുഖ്യമന്ത്രിയുമായി തട്ടിപ്പുനായിക സരിതയ്ക്കുണ്ടായ അടുപ്പം വ്യക്തമാക്കുന്നതാണ് ഇത്.

ഇത്രയും അടുത്തുപരിചയമുള്ള സരിതയെ താൻ കണ്ടിട്ടില്ലെന്നും തനിക്ക് അവരുമായി പരിചയമില്ലെന്നും ഉള്ള വിശദീകരണമാണ് മുഖ്യമന്ത്രി നിയമസഭയിൽ ഉൾപ്പെടെ ആവർത്തിച്ചുകൊണ്ടിരുന്നത്. മുഖ്യമന്ത്രി ഡൽഹിയിൽ അതീവ സുരക്ഷാകേന്ദ്രമായ വിജ്ഞാൻഭവനിൽ ഉള്ളപ്പോൾ സരിത കൂടെ ഉണ്ടായി എന്ന് വെളിപ്പെടുത്തിയത് മുഖ്യമന്ത്രിയുടെ ഡൽഹിയിലെ സഹചാരി കുരുവിളയായിരുന്നു. സരിതയല്ല, സർക്കാരിന്റെ സ്റ്റാന്റിംഗ് കൗൺസിൽ ആയ വനിതാ വക്കീലാണ് വിജ്ഞാൻ ഭവനിൽ തനിക്കൊപ്പം കാണപ്പെട്ടത് എന്ന് മുഖ്യമന്ത്രി ന്യായീകരിച്ചു. പ്രസ്തുത വനിതാ വക്കീൽ, താൻ വിജ്ഞാൻ ഭവനിൽ വച്ച് മുഖ്യമന്ത്രിയെ കണ്ടിട്ടില്ല എന്ന് വിശദീകരിച്ച

പ്പോഴാണ് മുഖ്യമന്ത്രിയുടെ കള്ളത്തരം തുറന്നുകാട്ടപ്പെട്ടത്. അതുപോലെ, ശ്രീധരൻനായർ സരിതയോടൊപ്പം മുഖ്യമന്ത്രിയെ കാണാൻ പോയതും മുഖ്യമന്ത്രിയിൽനിന്ന് ഉറപ്പ് ലഭിച്ചതും ശ്രീധരൻനായർ വെളിപ്പെടുത്തുകയുണ്ടായി. ശ്രീധരൻനായർ ക്വാറി ഉടമ സംഘത്തോടൊപ്പം കാണാൻ വന്നതേ ഉള്ളൂവെന്ന വിശദീകരണം മുഖ്യമന്ത്രിയിൽ നിന്നുണ്ടായി. സെക്രട്ടേറിയറ്റിൽ പോയി കണ്ടതിനാൽ സെക്രട്ടേറിയറ്റിൽ സ്ഥാപിച്ച സി.സി.ടി.വിയിൽ ഇവരുടെ പടം പതിഞ്ഞിട്ടുണ്ടാകുമെന്നും സി.സി.ടി.വി പരിശോധിക്കണമെന്നും പ്രതിപക്ഷം ആവശ്യപ്പെട്ടു. സി.സി.ടി.വിയിലെ ദൃശ്യങ്ങൾ രണ്ടാഴ്ച മാത്രമേ നിലനിൽക്കൂ എന്നും പിന്നീടത് മാഞ്ഞുപോകുമെന്നും ഉള്ള വിചിത്രമായ വിശദീകരണം മുഖ്യമന്ത്രിയിൽനിന്നുണ്ടായി. മുഖ്യമന്ത്രി പറഞ്ഞത് സാങ്കേതികമായി ശരിയല്ലെന്ന വിശദീകരണം സാങ്കേതികവിദഗ്ദ്ധരിൽനിന്ന് വന്നു.

തട്ടിപ്പിനിരയായ ടി.സി. മാത്യു മുഖ്യമന്ത്രിയുമായും കുടുംബവുമായുമുള്ള പരിചയം വെച്ച് സരിതയും മറ്റും തന്നെ വഞ്ചിച്ചതിനെക്കുറിച്ച് മുഖ്യമന്ത്രിയോട് നേരിട്ട് പരാതി പറഞ്ഞു. മുഖ്യമന്ത്രി പരാതിയിന്മേൽ ഒരു നടപടിയും സ്വീകരിച്ചില്ല. എന്നാൽ, പരാതി പറഞ്ഞതിന്റെ അടുത്ത ദിവസം സരിത മാത്യുവിനെ വിളിക്കുകയും മുഖ്യമന്ത്രിയോട് പരാതി പറഞ്ഞതിനെക്കുറിച്ച് ക്ഷോഭത്തോടെ സംസാരിക്കുകയും ചെയ്തു. ഇത് വ്യക്തമാക്കുന്നത് സരിതയെക്കുറിച്ച് മുഖ്യമന്ത്രിയുടെ അടുത്ത് പരാതിപ്പെട്ടാൽ പരാതിയിലെ വിവരങ്ങൾ സരിതയ്ക്ക് ലഭിക്കാനുള്ള ഒരു ഹോട്ട്ലൈൻ മുഖ്യമന്ത്രിയും സരിതയും തമ്മിലുണ്ടായിരുന്നു എന്നാണ്.

തട്ടിപ്പുസംഘത്തിന്റെ തലവനായ ബിജു രാധാകൃഷ്ണനുമായി എറണാകുളത്ത് അടച്ചിട്ട മുറിയിൽ ഒരു മണിക്കൂർ മുഖ്യമന്ത്രി രഹസ്യ ചർച്ച നടത്തിയ വിവരം പുറത്തുവന്നു. മുഖ്യമന്ത്രിക്കെന്താണ് ഇത്രയും സമയം ഒരു തട്ടിപ്പുവീരനുമായി ചർച്ച ചെയ്യാനുള്ളതെന്ന ചോദ്യം ഉയർന്നപ്പോൾ ഞങ്ങൾ തമ്മിൽ കുടുംബകാര്യമാണ് സംസാരിച്ചത്, അത് വെളിപ്പെടുത്താൻ പറ്റില്ലെന്നാണ് മുഖ്യമന്ത്രി വ്യക്തമാക്കിയത്. തട്ടിപ്പുസംഘവുമായുള്ള മുഖ്യമന്ത്രിയുടെ ബന്ധം മാത്രമല്ല, പ്രസ്തുത സംഘത്തിന്റെ സംരക്ഷകനായാണ് മുഖ്യമന്ത്രി പ്രവർത്തിച്ചതെന്ന് ഇതെല്ലാം വെളിവാക്കുന്നു.

തട്ടിപ്പുസംഘത്തിന് മുഖ്യമന്ത്രിയുമായുള്ള ബന്ധത്തിന്റെ തെളിവുകളുടെ കുത്തൊഴുക്കാണ് കേരളം കണ്ടത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് പത്തനംതിട്ടയിലെ കോൺഗ്രസ്സുകാരനായ ശ്രീധരൻനായരുടേതായിരുന്നു. ഇദ്ദേഹം ഉമ്മൻചാണ്ടിയുടെ അടുത്ത അനുയായി കൂടിയാണ്. സോളാർ പദ്ധതി ആരംഭിക്കാൻ ശ്രീധരൻനായർ പണം മുടക്കിയത് മുഖ്യമന്ത്രിക്ക് പദ്ധതിയെക്കുറിച്ച് അടിത്തറിയാമെന്നതുകൊണ്ടാണ്. ശ്രീധരൻനായരെ ബോധ്യപ്പെടുത്താൻ അദ്ദേഹത്തെ കൂട്ടി സരിത മുഖ്യമന്ത്രിയെ ഓഫീസിൽ പോയി കണ്ടപ്പോൾ സംശയരഹിതമായി മുന്നോട്ടുപോകാൻ ഉമ്മൻചാണ്ടി നേരിട്ട് ശ്രീധരൻനായരോട് പറഞ്ഞു. ഇതു സംബന്ധിച്ച് ശ്രീധരൻനായർ മജിസ്ട്രേട്ടിനു മുന്നിൽ നൽകിയ പരാതി കോടതി പോലീസിന് അയയ്ക്കുകയും പോലീസ് അതിന്മേൽ അന്വേഷണം നടത്തുകയും ചെയ്തു. പ്രസ്തുത അന്വേഷണത്തിലാണ് ഉമ്മൻചാണ്ടിയുടെ സന്തത സഹചാരി ജോപ്പൻ പ്രതിയാകുന്നതും അറസ്റ്റ് ചെയ്യപ്പെടുന്നതും. ശ്രീധരൻനായർ വെളിപ്പെടുത്തിയതനുസരിച്ച് മുഖ്യമന്ത്രിയിൽനിന്ന് നേരിട്ട് ഉറപ്പുലഭിച്ചതിനുശേഷം നേരത്തേ ഉറപ്പിച്ചതിന്റെ ഭാഗമായി നൽകേണ്ട പണത്തിന്റെ അവസാനഭാഗം സരിതയ്ക്ക് ലഭിക്കാൻ ചെക്ക് റിലീസ് ചെയ്യുന്നത് മുഖ്യമന്ത്രിയുടെ ഓഫീസിൽ വെച്ചാണ്. സാധാരണ കേസിന്റെ നടപടിക്രമമനുസരിച്ച് കുറ്റകൃത്യം നടന്ന സ്ഥലം പോലീസ് പരിശോധിക്കേണ്ടതും മഹസ്സർ റിപ്പോർട്ട് തയ്യാറാക്കേണ്ടതും ആണ്. ശ്രീധരൻനായരുടെ പ്രസ്താവന അനുസരിച്ച് പോലീസ് മുഖ്യമന്ത്രിയെ ചോദ്യം ചെയ്യേണ്ടതാണ്. ജോപ്പനെ അറസ്റ്റുചെയ്ത പോലീസ് ജോപ്പനേയും കൊണ്ട് മുഖ്യമന്ത്രിയുടെ ഓഫീസിലെത്തി മഹസ്സർ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. മുഖ്യമന്ത്രിയെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി നിർലജ്ജം ഇതൊക്കെ ഒഴിവാക്കുകയാണുണ്ടായത്.

ജൂൺ 13–ന് അടിയന്തര പ്രമേയം നിയമസഭയിൽ അവതരിപ്പിച്ച എൽ.ഡി.എഫ് മുഖ്യമന്ത്രിയുടെ തട്ടിപ്പിലുള്ള പങ്കാളിത്തം പുറത്തുകൊണ്ടുവരാൻ ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ടു. സാധാരണ നിലയിൽ ബിജു രാധാകൃഷ്ണനും സരിതയും നേതൃത്വം നൽകി നടത്തിയ തട്ടിപ്പിനെക്കുറിച്ച് പോലീസ് അന്വേഷിച്ചാൽ മതി. എന്നാൽ, ഇവരെ സംരക്ഷിച്ച മുഖ്യമന്ത്രിയുടെ പങ്കും തട്ടിപ്പിനു സഹായകരമായ നടപടികൾ മുഖ്യമന്ത്രി സ്വീകരിച്ചതും വെളിയിൽ വരണമെങ്കിൽ മുഖ്യമന്ത്രിയുടെ കീഴിലുള്ള പോലീസ് അന്വേഷിച്ചാൽ പോരാ. പ്രത്യേക സാങ്കേതിക മികവുള്ള അന്വേഷണം വേണം. അതുകൊണ്ടാണ് അതിനുതകുന്ന ജുഡീഷ്യൽ അന്വേഷണം തന്നെ വേണമെന്ന് എൽ.ഡി.എഫ് ആവശ്യപ്പെട്ടത്. മുഖ്യമന്ത്രിയുടെ പങ്കിനെക്കുറിച്ചുള്ള ജുഡീഷ്യൽ അന്വേഷണഘട്ടത്തിൽ മുഖ്യമന്ത്രിസ്ഥാനത്തുനിന്ന് മാറിനിൽക്കണമെന്നും എൽ.ഡി.എഫ് ആവശ്യപ്പെട്ടു.

മുഖ്യമന്ത്രിയുടെ അറിവോടെയും പങ്കാളിത്തത്തോടെയും കേരളത്തിൽ ആദ്യമായുണ്ടായ തട്ടിപ്പിനെക്കുറിച്ച് സഭ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്നും ജുഡീഷ്യൽ അന്വേഷണം വേണമെന്നുമാണ് നിയമസഭയിൽ എൽ.ഡി.എഫ് ആവശ്യപ്പെട്ടത്. കേരളീയ സമൂഹം ഉറ്റുനോക്കുന്ന അത്യന്തം ഗൗരവമുള്ള ഈ പ്രശ്നത്തോട് മുഖം തിരിച്ചുനിൽക്കുന്ന സമീപനം സർക്കാർ സ്വീകരി

ച്ചു. ജൂൺ 13 മുതൽ ഒമ്പതു ദിവസം എൽ.ഡി.എഫ് നിയമസഭയിൽ ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ടു. നിയമസഭയിൽ പ്രതിപക്ഷം ഉന്നയിച്ച ന്യായമായ ആവശ്യം അംഗീകരിക്കാതെയും സഭാനടപടികൾ ജനാധിപത്യപരമായി പൂർത്തിയാക്കാതെയും സാങ്കേതികമായ നടപടിക്രമങ്ങൾ ഗില്ലറ്റിൻ ചെയ്ത് പാസ്സായതായി സ്പീക്കർ പ്രഖ്യാപിക്കുകയായിരുന്നു. പാർലമെന്ററി ജനാധിപത്യത്തിന്റെ സത്തയ്ക്ക് നിരക്കാത്ത നടപടിയായിരുന്നു ഇത്. ഒരു ഘട്ടത്തിൽ സഭ ചേരുന്നത് ഏകപക്ഷീയമായി സസ്പെൻഡ് ചെയ്തു. ജൂൺ 24 മുതൽ ജൂലൈ 7 വരെ നിയമസഭ ചേർന്നില്ല. ഫൈനാൻസ് ബില്ലും മറ്റും സാങ്കേതികമായി നിയമസഭ പാസ്സാക്കേണ്ടതിനാൽ ജൂലായ് 8 ന് നിയമസഭ ചേർന്നെങ്കിലും പ്രതിപക്ഷം ഉന്നയിച്ച പ്രശ്നങ്ങൾക്ക് മറുപടി ഉണ്ടായില്ല. ചർച്ചയ്ക്ക് സർക്കാർ തയ്യാറായില്ല. ജുഡീഷ്യൽ അന്വേഷണത്തിന് സന്നദ്ധമല്ല എന്ന് മുഖ്യമന്ത്രി നിയമസഭയിൽ ആവർത്തിച്ചു. ജൂലായ് 9–ന് ഗില്ലറ്റിൻപ്രയോഗത്തിലൂടെ സർക്കാരിന് പാസ്സാക്കേണ്ടവയെല്ലാം പാസ്സാക്കി നിയമസഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞതായി പ്രഖ്യാപിച്ചു. പാർലമെന്ററി നടപടിക്രമങ്ങളിലുള്ള സർക്കാരിന്റെ അസഹിഷ്ണുതയായിരുന്നു ഇവിടെ പ്രകടമായത്. സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച്, മുഖ്യമന്ത്രി രാജിവെച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണം എന്നാവശ്യപ്പെട്ട് എൽ.ഡി.എഫ് എം.എൽ.എമാർ നിയമസഭയിൽനിന്നിറങ്ങി പ്രകടനമായി സെക്രട്ടേറിയറ്റിനു മുന്നിലെത്തി ധർണ്ണ നടത്തി. എം.എൽ.എമാരെ അഭിസംബോധന ചെയ്ത് പ്രതിപക്ഷ നേതാവ് സ: വി.എസ് സംസാരിച്ചു. വി.എസ് സംസാരിച്ചുകൊണ്ടിരിക്കെ സമാധാനപരമായി ധർണ്ണ നടത്തുന്ന എം.എൽ.എമാർക്കു നേരെ പോലീസ് ഗ്രനേഡ് എറിഞ്ഞു. എം.എൽ.എമാർ ഇരുന്നതിന്റെ അടുത്തു വീണ ഗ്രനേഡിന്റെ സ്ഫോടനത്തിന്റെ ഫലമായി ഗുരുതരമായി ശ്വാസംമുട്ടലനുഭവപ്പെട്ട വി.എസിനെയും സി.പി.ഐ നേതാവ് സി. ദിവാകരനെയും ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടിവന്നു.

മുഖ്യമന്ത്രി രാജിവെച്ച് ജുഡീഷ്യൽ അന്വേഷണം നേരിടുക എന്ന മുദ്രാവാക്യമുയർത്തി നടക്കുന്ന പ്രക്ഷോഭങ്ങളെ ക്രൂരമായി അടിച്ചമർത്തുന്നതിന്റെ ഭാഗമായിരുന്നു എം.എൽ.എമാരുടെ നേർക്കുള്ള ഗ്രനേഡ് ആക്രമണം. ഈ ഘട്ടത്തിൽ നിയമസഭയുടെ മുന്നിലേക്കും സെക്രട്ടേറിയറ്റിനു മുന്നിലേക്കും മാർച്ച് ചെയ്ത മഹിളകൾ, യുവജനങ്ങൾ, വിദ്യാർത്ഥികൾ തുടങ്ങിയവർക്കെല്ലാം ഭീകരമായ മർദ്ദനം ഏൽക്കേണ്ടിവന്നു. പ്രക്ഷോഭത്തിന്റെ നേരെ ഗ്രനേഡ് പ്രയോഗം, ലാത്തിച്ചാർജ്ജ്, ജലപീരങ്കി പ്രയോഗം എല്ലാം അരങ്ങേറി. അതിക്രൂരമായ മർദ്ദനത്തിന് പോലീസിനെ സർക്കാർ ഉപയോഗിച്ചു. നിരവധി സഖാക്കളെ ജയിലിലടച്ചു. മർദ്ദനത്തിലൂടെ പ്രക്ഷോഭത്തെ തളർത്താനും തകർക്കാനുമായിരുന്നു സർക്കാർ നീക്കം. പുതുപ്പള്ളിയിൽനിന്നുൾപ്പെടെ കുപ്രസിദ്ധരായ ഒട്ടേറെ ഗുണ്ടകളേയും, മുഖ്യമന്ത്രിയും അനുചരന്മാരും രംഗത്തിറക്കി. യുവതികളെ ഉൾപ്പെടെ ഇത്തരക്കാർ ക്രൂരമായി തല്ലിച്ചതച്ചത് മാധ്യമങ്ങൾ ഒപ്പിയെടുത്ത് ജനമധ്യത്തിൽ വെളിപ്പെടുത്തുകയുണ്ടായി.

സർക്കാർ പ്രക്ഷോഭം അനുവദിക്കില്ല എന്ന പ്രഖ്യാപനമായിരുന്നു എം.എൽ.എമാരുടെ നേർക്കുള്ള ആക്രമണം. സർക്കാരിന്റെ ധാർഷ്ട്യത്തിനും വെല്ലുവിളിക്കും സംസ്ഥാനം ജൂലായ് 10–ന് ഹർത്താൽ ആചരിച്ചുകൊണ്ട് മറുപടി നൽകണമെന്ന് എൽ.ഡി.എഫ് തീരുമാനിച്ചു. സംസ്ഥാനത്താകെ ജൂലായ് 9–ന് ശക്തമായ പ്രതിഷേധപ്രകടനങ്ങൾ നടന്നു. ജൂലായ് 10–ന് ഹർത്താൽ പൂർണ്ണബന്ദായി മാറി.

മുഖ്യമന്ത്രി രാജിവെച്ച് ജുഡീഷ്യൽ അന്വേഷണം നേരിടുക എന്ന മുദ്രാവാക്യമുയർത്തി നിയമസഭാവേദി പ്രക്ഷുബ്ധമായപ്പോൾ എൽ.ഡി.എഫ് നിയമസഭയ്ക്കു പുറത്ത് ഇതേ മുദ്രാവാക്യമുയർത്തി പ്രക്ഷോഭം നടത്തുകയുണ്ടായി. ജൂലായ് 1, 2 തീയതികളിൽ മുഴുവൻ നിയമസഭാമണ്ഡലങ്ങളിലും എൽ.ഡി.എഫ് ആഭിമുഖ്യത്തിൽ ഈ പ്രശ്നമുയർത്തി ജാഥ നടത്തുകയുണ്ടായി. ജൂലായ് 3–ന് ബൂത്തടിസ്ഥാനത്തിൽ പ്രതിഷേധ പ്രകടനങ്ങൾ സംഘടിപ്പിച്ചു. ജൂലായ് 4–ന് ഇതേ മുദ്രാവാക്യമുയർത്തി എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഒരു സംസ്ഥാന സർക്കാർ ഓഫീസിനു മുന്നിൽ ധർണ്ണ സംഘടിപ്പിച്ചു.

ജൂലായ് 10 ന്റെ വിജയകരമായ ഹർത്താലിനുശേഷം എൽ.ഡി.എഫ് തീരുമാനമനുസരിച്ച് ജൂലായ് 12–ന് തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിനു മുന്നിൽ ട്രേഡ് യൂണിയനുകൾ സംയുക്തമായി തൊഴിലാളി മാർച്ച് സംഘടിപ്പിച്ചു. ജൂലായ് 15–ന് എൽ.ഡി.എഫ് ആഭിമുഖ്യത്തിൽ കർഷക–കർഷകത്തൊഴിലാളി സംഘടനകൾ സംയുക്തമായി സെക്രട്ടേറിയറ്റ് മാർച്ച് സംഘടിപ്പിച്ചു. ജൂലായ് 16–ന് സംയുക്ത വിദ്യാർത്ഥി സംഘടനകളുടെ ആഭിമുഖ്യത്തിലും ജൂലായ് 19–ന് യുവജന സംഘടനകൾ സംയുക്തമായും സെക്രട്ടേറിയറ്റ് മാർച്ച് സംഘടിപ്പിച്ചു. ജൂലായ് 18–ന് തിരുവനന്തപുരത്ത് എൽ.ഡി.എഫിന്റെ ആഭിമുഖ്യത്തിൽ പൊതുയോഗം നടന്നു. ജൂലായ് 19, 20, 21 തീയതികളിലായി എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും എൽ.ഡി.എഫ് ആഭിമുഖ്യത്തിലുള്ള പൊതുയോഗങ്ങൾ സംഘടിപ്പിച്ചു.

മുഖ്യമന്ത്രി രാജിവെച്ച് ജുഡീഷ്യൽ അന്വേഷണം നേരിടുക എന്ന മുദ്രാവാക്യമുയർത്തിയുള്ള പ്രക്ഷോഭത്തിന്റെ അടുത്ത ഘട്ടമായി എൽ.ഡി.എഫ് തീരുമാനിച്ചത് സെക്രട്ടേറിയറ്റിനു

മുന്നിലും കളക്ട്രേറ്റുകൾക്കു മുന്നിലും ഉള്ള രാപ്പകൽ സമരമായിരുന്നു. ഇതിന്റെ ഭാഗമായി ജൂലായ് 22–ന് രാവിലെ മുതൽ 23–ന് രാവിലെ വരെ സെക്രട്ടേറിയറ്റിനു മുന്നിൽ എം.പിമാരും എം. എൽ.എമാരും തിരുവനന്തപുരം ജില്ലയിലെ ജനപ്രതിനിധികളും പങ്കെടുത്ത രാപ്പകൽ സമരം സംഘടിപ്പിച്ചു. ജനപ്രതിനിധികളോടൊപ്പം എൽ.ഡി.എഫിന്റെ സംസ്ഥാന നേതാക്കളും രാപ്പകൽ സമരത്തിൽ പങ്കെടുത്തു. ഇതിന്റെ തുടർച്ചയായി ജൂലായ് 24 മുതൽ രാപ്പകൽ സമരം ജില്ലാകേന്ദ്ര ങ്ങളിൽ സംഘടിപ്പിക്കാൻ എൽ.ഡി.എഫ് തീരുമാനിച്ചതിന്റെ ഭാഗമായി ജൂലായ് 24 രാവിലെ മുതൽ എല്ലായിടങ്ങളിലും സമരം ആരംഭിച്ചു. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിനു മുന്നിൽ 23 –ന് രാവിലെ മുതൽ 24–ന് രാവിലെ വരെ ഡി.വൈ.എഫ്.ഐ രാപ്പകൽ സമരം സംഘടിപ്പിച്ചിരു ന്നു.

ചില ജില്ലകളിൽ കനത്ത മഴ ഉള്ള ഘട്ടത്തിലായിരുന്നു രാപ്പകൽ സമരം നടന്നത്. ജില്ലക ളിൽനിന്നും ലഭിച്ച കണക്കനുസരിച്ച് 2,14,211 പേരാണ് രാപ്പകൽ സമരത്തിൽ പങ്കെടുത്തത്. കള ക്ട്രേറ്റിനു മുന്നിൽ രാപ്പകൽസമരം സംഘടിപ്പിക്കൽ വിഷമമായി കണ്ട ജില്ലകൾ ജില്ലാ ആസ്ഥാ നത്ത് മറ്റൊരു പൊതുസ്ഥലത്ത് സമരം സംഘടിപ്പിച്ചിരുന്നു.

എൽ.ഡി.എഫ് തീരുമാനിച്ചതിന്റെ ഭാഗമായി ആഗസ്റ്റ് 4–ന് രാവിലെ രാപ്പകൽ സമരരൂപം അവസാനിപ്പിച്ചു. മുഖ്യമന്ത്രി രാജിവെച്ച് ജുഡീഷ്യൽ അന്വേഷണം നേരിടുക എന്ന മുദ്രാവാക്യം വ്യാപകമായി പ്രചരിപ്പിക്കാൻ ജില്ലകളിൽ ആഗസ്റ്റ് 5, 6, 7 തീയതികളിൽ വാഹനജാഥ സംഘടിപ്പി ക്കാൻ എൽ.ഡി.എഫ് തീരുമാനിച്ചു. അതികഠിനമായ മഴയും കാലവർഷക്കെടുതിയും കാരണം ഇടുക്കിയിൽ ജാഥ റദ്ദുചെയ്യേണ്ടിവന്നു. മറ്റു ജില്ലകളിലും പ്രകൃതിക്ഷോഭം കാരണം ചില പരിപാ ടികൾ സംഘടിപ്പിക്കാൻ വിഷമമുണ്ടായി. ഇതെല്ലാമാണെങ്കിലും പൊതുവിൽ നല്ല ജനപങ്കാളിത്തം ജാഥാസ്വീകരണ കേന്ദ്രങ്ങളിലുണ്ടായി. എൽ.ഡി.എഫ് ഉയർത്തിയ മുദ്രാവാക്യത്തിന്റെ സ്വീകാര്യ തയാണ് ജാഥയ്ക്ക് ലഭിച്ച സ്വീകരണം വ്യക്തമാക്കുന്നത്.

എൽ.ഡി.എഫ് സംഘടിപ്പിക്കാൻ തീരുമാനിച്ച സെക്രട്ടേറിയറ്റ് ഉപരോധത്തെക്കുറിച്ചും ജാഥ യിൽ വിശദീകരിച്ചിരുന്നു. ആഗസ്റ്റ് 12–ന് രാവിലെ മുതൽ സെക്രട്ടേറിയറ്റ് ഉപരോധിക്കുമെന്നാണ് എൽ.ഡി.എഫ് പ്രഖ്യാപിച്ചത്. സെക്രട്ടേറിയറ്റ് ഉപരോധത്തിനായി പാർടി വിപുലമായ ഒരുക്കമാണ് നടത്തിയത്. കൊല്ലം, തിരുവനന്തപുരം ജില്ലകളൊഴികെ എല്ലാ ജില്ലകളിൽനിന്നും ഒരു ബ്രാഞ്ചിൽനിന്ന് രണ്ടുവീതം സഖാക്കൾ പങ്കെടുക്കണമെന്നാണ് തീരുമാനിച്ചത്. തിരുവനന്തപുര ത്തിനടുത്ത ജില്ല ആയതിനാൽ കൊല്ലം ജില്ലയിൽനിന്നും 12,000 വളണ്ടിയർമാർ പങ്കെടുക്കണ മെന്നും സമരകേന്ദ്രമായ തിരുവനന്തപുരം ജില്ലയിൽനിന്ന് 15,000 വളണ്ടിയർമാർ ഉണ്ടാകണ മെന്നും തീരുമാനിച്ചു. പൊതുവെ നല്ല സംഘടനാപ്രവർത്തനമാണ് വളണ്ടിയർമാരെ പങ്കെടുപ്പി ക്കാൻ ജില്ലാകമ്മിറ്റികൾ സംഘടിപ്പിച്ചത്. ഇതിന്റെ ഭാഗമായി എഴുപത്തി അയ്യായിരത്തിലധികം സമരഭടന്മാർ പ്രക്ഷോഭത്തിൽ അണിനിരന്നു.

ഉപരോധസമരത്തിൽ പങ്കെടുക്കുന്ന സമരവളണ്ടിയർമാർക്ക് സംസ്ഥാനത്തെ എല്ലാ ലോക്ക ലുകളിലും ആവേശകരമായ യാത്രയയപ്പ് നൽകുന്ന പരിപാടി സംഘടിപ്പിക്കുകയുണ്ടായി.

ഉപരോധസമരത്തിൽ പങ്കെടുക്കേണ്ട വളണ്ടിയർമാർ തിരുവനന്തപുരത്തെത്താതിരിക്കാനുള്ള പ്രതിബന്ധം സൃഷ്ടിക്കാൻ സർക്കാർ വഴിവിട്ട ശ്രമമാണ് നടത്തിയത്. യാത്രയ്ക്കായി ബുക്കുചെയ്ത വാഹനങ്ങളുടെ പെർമിറ്റ് റദ്ദുചെയ്യുമെന്ന് വാഹന ഉടമകളെ ഭീഷണിപ്പെടുത്തൽ, കെ.എസ്.ആർ.ടി.സി ബസ്സുകളുടെ സാധാരണ ഷെഡ്യൂൾ റദ്ദു ചെയ്യൽ തുടങ്ങിയ നടപടികൾ സർക്കാർ സ്വീകരിച്ചു. അതോടൊപ്പം വാഹനങ്ങളിൽ വരുന്നവരെ വഴിയിൽ തടഞ്ഞിട്ട് യാത്ര തട സ്സപ്പെടുത്താനും സർക്കാരിന്റെ ഭാഗത്തുനിന്ന് നീക്കമുണ്ടായി. അതോടൊപ്പം, തിരുവനന്തപുര ത്തെത്തുന്ന വളണ്ടിയർമാരെ ഭീഷണിപ്പെടുത്തി പിന്തിരിപ്പിക്കാനാകുമോ എന്ന ശ്രമവും ഉണ്ടായി. 22 കമ്പനി കേന്ദ്ര സേനയെ ഉപരോധസമരം നേരിടാനായി കേരളത്തിലേക്ക് കൊണ്ടുവന്ന് വിന്യ സിച്ചു. സംസ്ഥാന തലസ്ഥാനത്ത് മാത്രമല്ല, വ്യത്യസ്ത ജില്ലകളിലേക്കും കേന്ദ്ര സേനയെ അയച്ചു. വളണ്ടിയർമാർ കൊണ്ടുവരുന്ന ബാഗുകൾ സൂക്ഷിക്കാൻ ചില ലോഡ്ജുകളിൽ മുറികൾ സംഘാ ടകസമിതി ബന്ധപ്പെട്ട് ഉറപ്പിച്ചിരുന്നു. അത്തരം ലോഡ്ജ് ഉടമകളെ പോലീസ് ഭീഷണിപ്പെടുത്തി. മുറി സമരവളണ്ടിയർമാർക്ക് നൽകിയാൽ പിന്നീട് ലോഡ്ജ് പ്രവർത്തിക്കാനാവില്ലെന്ന് പോലീസ് അറിയിച്ചു. ഭീഷണിക്ക് വഴങ്ങി മിക്ക ലോഡ്ജുകളും മുറികൾ റദ്ദു ചെയ്തു. ബുക്കുചെയ്തിരുന്ന ചില കല്യാണമണ്ഡപങ്ങൾ പോലീസ് ഭീഷണിയുടെ ഫലമായി ലഭിക്കാതായി. സമരവളണ്ടി യർമാർക്ക് സൗകര്യമേർപ്പെടുത്താൻ സാധ്യതയുണ്ടെന്ന് കരുതിയ വീടുകളിൽ ചെന്ന് പോലീസ് വീട്ടുകാരെ ഭീഷണിപ്പെടുത്തി. പലർക്കും നോട്ടീസ് നൽകി. സമരത്തെ പൊളിക്കാനായി സർക്കാർ കൈക്കൊണ്ട തികച്ചും അസാധാരണമായ ഈ നടപടികൾ സമരവളണ്ടിയർമാരെ ആവേശം കൊള്ളിച്ചു. പിന്നീട് തടസ്സമുണ്ടായെങ്കിലോ എന്ന ആശങ്ക നിമിത്തം ഒട്ടേറെ സഖാക്കൾ രണ്ടും മൂന്നു ദിവസം മുമ്പേ സ്വയം സന്നദ്ധരായി തിരുവനന്തപുരത്തെത്തുകയുണ്ടായി. വളണ്ടി യർമാർക്ക് നൽകാനുള്ള ഭക്ഷണം തയ്യാറാക്കാൻ താൽക്കാലിക പാചകശാലകൾ സംഘാടകസ മിതി കെട്ടിയുണ്ടാക്കുമ്പോൾ അത് തടയാൻ പോലീസെത്തി. ഇത് ജഗതിയിൽ വൻ സംഘർഷത്തി

ലെത്തി. കോർപ്പറേഷൻ വക സ്ഥലത്ത് താൽക്കാലിക പാചകപ്പുര കെട്ടിയുണ്ടാക്കാൻ കോർപ്പറേഷൻ അനുമതി നൽകിയതാണ്, പോലീസ് ഇതിൽ ഇടപെടേണ്ടതില്ല എന്ന ഉറച്ച നിലപാട് സഖാക്കൾ സ്വീകരിച്ചു. അവസാനം പോലീസിന് പിന്തിരിയേണ്ടിവന്നു. എം.എൽ.എ ക്വാർട്ടേഴ്സിൽ എം.എൽ.എയും കുടുംബവും സെക്രട്ടറിയും മാത്രമേ മുറിയിൽ ഉണ്ടാകാവൂ എന്ന് കാണിച്ച് നിയമസഭാ സെക്രട്ടറി എം.എൽ.എമാർക്ക് കത്ത് നൽകുകയും എം.എൽ.എ ഹോസ്റ്റലിന്റെ ഗേറ്റ് ആളുകൾ പ്രവേശിക്കാതിരിക്കാൻ അടച്ചുപൂട്ടുകയും ചെയ്തു. ഇതിനെതിരെ വ്യാപകമായ പ്രതിഷേധം എം.എൽ.എമാരിൽനിന്നും ഉയർന്നു. മുൻ കെ.പി.സി.സി പ്രസിഡന്റ് കെ. മുരളീധരൻ പ്രതിഷേധം പ്രകടിപ്പിക്കാൻ കുറച്ചുസമയം ഗേറ്റിനു പുറത്ത് കസേര ഇട്ട് ഇരിക്കുകയുണ്ടായി. എൽ.ഡി.എഫ് എം.എൽ.എമാർ ശക്തമായ പ്രതിഷേധം ഹോസ്റ്റലിനു മുന്നിൽ പ്രകടിപ്പിച്ച് സ: കോടിയേരി ബാലകൃഷ്ണനടക്കമുള്ളവർ കുത്തിയിരിപ്പ് സമരം സംഘടിപ്പിച്ചു. അതിനെത്തുടർന്ന് നിയമസഭാ ഹോസ്റ്റൽ അടച്ചിടുന്നത് ഒഴിവാക്കാൻ അധികൃതർ നിർബന്ധിതമായി. സമരത്തെ നേരിടാനായി പട്ടണത്തിലുള്ള പൊതു കക്കൂസുകൾ പൂട്ടിക്കുന്ന അപഹാസ്യമായ നടപടിയും പോലീസ് സ്വീകരിച്ചു.

കേന്ദ്രസേനയ്ക്കും പോലീസിനും നഗരത്തിലെ കോളേജുകളിലും സ്കൂളുകളിലുമാണ് ക്യാമ്പ് ചെയ്യാൻ സൗകര്യമൊരുക്കിയത്. ഇതിനുവേണ്ടി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സർക്കാർ അവധി കൊടുക്കുകയുണ്ടായി. നഗരത്തിലെ വിദ്യാലയങ്ങൾ ആദ്യമായാണ് പോലീസ് ക്യാമ്പാക്കി മാറ്റുന്നത്. ഇതിനെതിരെ വ്യാപകമായ പ്രതിഷേധം ഉയരുകയുണ്ടായി. എസ്.എഫ്.ഐ യുടെ നേതൃത്വത്തിൽ പ്രതിഷേധ മാർച്ചും ധർണ്ണയും സംഘടിപ്പിക്കുകയുണ്ടായി.

സർക്കാർ ഏർപ്പെടുത്തിയ പ്രതിബന്ധങ്ങളെല്ലാം അതിജീവിച്ച് വളണ്ടിയർമാർ തിരുവനന്തപുരത്തെത്തി. ആഗസ്റ്റ് 12–ന് രാവിലെ 8 മണിക്കാണ് വളണ്ടിയർമാർ സെക്രട്ടേറിയറ്റ് ഉപരോധിക്കാൻ ആരംഭിച്ചത്. അതിനു മുമ്പുതന്നെ മുഖ്യമന്ത്രിയും ഏതാനും മന്ത്രിമാരും മന്ത്രിസഭായോഗം ചേരുന്നതിന് അർദ്ധസൈനിക സംഘത്തിന്റെ സംരക്ഷണയിൽ സെക്രട്ടേറിയറ്റിനകത്തെത്തി. പലവിധ പ്രലോഭനങ്ങൾ സർക്കാർ പ്രയോഗിച്ചിട്ടും സെക്രട്ടേറിയറ്റിൽ ഹാജരായത് 30 ശതമാനം ജീവനക്കാർ മാത്രമാണ്. സെക്രട്ടേറിയറ്റ് ഉപരോധത്തിന്റെ ഭാഗമായി സെക്രട്ടേറിയറ്റിന്റെ നാല് ഗേറ്റുകളിൽ മൂന്ന് ഗേറ്റുകൾ പൂർണ്ണമായും ഉപരോധിച്ചു. കന്റോൺമെന്റ് ഗേറ്റ് തുറന്നിടാൻ പോലീസ് വിപുലമായ സന്നാഹം ഒരുക്കിയിരുന്നു. കന്റോൺമെന്റ് ഗേറ്റ് നേരിട്ട് ഉപരോധിക്കാനല്ല എൽ.ഡി.എഫ് തീരുമാനിച്ചത്. ഗേറ്റിനു മുന്നിൽ നേരിട്ട് ഉപരോധിക്കാൻ ശ്രമിക്കാതെ കന്റോൺമെന്റ് ഗേറ്റിലൂടെ വാഹനങ്ങൾ വരുന്നതിനായി ഉയർത്തിയ ബാരിക്കേഡുകളും, പോലീസ് അണിനിരന്നതും കണക്കാക്കി പോലീസ് തയ്യാറാക്കിയ വഴിയിലേക്ക് പ്രവേശിക്കുന്ന റോഡുകൾ വളണ്ടിയർമാർ ഉപരോധിക്കുകയാണ് ചെയ്തത്. ആഗസ്റ്റ് 12–ന് രാവിലെ ഉപരോധസമരം സി.പി.ഐ (എം) ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ട് ഉദ്ഘാടനം ചെയ്തു. മുൻ പ്രധാനമന്ത്രി ദേവഗൗഡ സമരത്തെ അഭിവാദ്യം ചെയ്തു. സി.പി.ഐ ജനറൽ സെക്രട്ടറി സുധാകർ റെഡ്ഡി, ആർ.എസ്.പി ജനറൽ സെക്രട്ടറി ടി.ജെ. ചന്ദ്രചൂഡൻ, പീതാംബരൻ മാസ്റ്റർ (എൻ.സി.പി), പി.സി. തോമസ് (കേരളാ കോൺഗ്രസ്), രാമചന്ദ്രൻ കടന്നപ്പള്ളി (കോൺഗ്രസ്–എസ്), ദേവരാജൻ (ഫോർവേഡ് ബ്ലോക്ക്), മാഹിൻ (ഐ.എൻ.എൽ), പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ എന്നിവർ സംസാരിക്കുകയും യോഗത്തിൽ പിണറായി വിജയൻ അധ്യക്ഷത വഹിക്കുകയും ചെയ്തു. സി.പി.ഐ (എം) പി.ബി അംഗം സ: എസ്. രാമചന്ദ്രൻപിള്ള ഉദ്ഘാടന യോഗത്തിൽ പങ്കെടുത്തു.

ഒരുലക്ഷത്തോളം വളണ്ടിയർമാർ അണിനിരന്ന ഉപരോധത്തിൽ സ്വീകരിക്കുന്ന സമരമുറ എൽ.ഡി.എഫ് നേരത്തെ തന്നെ പരസ്യമായി പ്രഖ്യാപിച്ചിരുന്നു. വളണ്ടിയർമാരെ തടയാൻ ബാരിക്കേഡ് ഉയർത്തുകയോ പോലീസ് അണിനിരക്കുകയോ ചെയ്താൽ ബാരിക്കേഡോ പോലീസിനെയോ വളണ്ടിയർമാർ തള്ളിമാറ്റില്ലെന്നും ബാരിക്കേഡിനു മുന്നിലും അണിനിരന്ന പോലീസിനു മുന്നിലും വളണ്ടിയർമാർ ഇരിക്കും എന്നുമായിരുന്നു പ്രഖ്യാപിച്ചത്. ഒരുലക്ഷത്തോളം വളണ്ടിയർമാർ അണിനിരക്കുന്ന സമരത്തിൽ നമ്മുടെ ഭാഗത്തുനിന്ന് ഒരു പ്രകോപനവും ഉണ്ടാകരുതെന്നും സമരം സമാധാനപരമായാണ് നാം സംഘടിപ്പിക്കേണ്ടതെന്നും ഉള്ളതുകൊണ്ടാണ് അത്തരമൊരു പ്രഖ്യാപനം പരസ്യമായി നടത്തിയത്. അതേസമയം, സർക്കാരിന്റെ ഭാഗത്തുനിന്ന് പ്രകോപനം ഉണ്ടാകാൻ സാധ്യതയുണ്ടെന്നും പ്രകോപനത്തിൽ കുടുങ്ങാതെ വളണ്ടിയർമാർ സമരത്തിൽ പങ്കെടുക്കണമെന്നും ആണ് എൽ.ഡി.എഫ് പരസ്യമായി പ്രഖ്യാപിച്ചത്. സമരത്തിനകത്ത് ഏതെങ്കിലും അനാശാസ്യവ്യക്തികൾ നുഴഞ്ഞുകയറുന്നത് വളണ്ടിയർമാർ ശ്രദ്ധിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഇത് തടയുന്നതിന് എൽ.ഡി.എഫിലെ ഘടകകക്ഷികൾ അണിനിരത്തിയ വളണ്ടിയർമാർ ജില്ലാടിസ്ഥാനത്തിൽ നിശ്ചയിച്ച കേന്ദ്രങ്ങളിൽ സമരത്തിൽ പങ്കെടുക്കണമെന്ന് തീരുമാനിച്ചു. അതോടൊപ്പം, ഏറ്റവും കൂടുതൽ വളണ്ടിയർമാരെ അണിനിരത്തിയ സി.പി.ഐ (എം) ഏരിയാടിസ്ഥാനത്തിൽ വളണ്ടിയർമാരെ സമരകേന്ദ്രങ്ങളിൽ ഇരുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. നാം കഴിഞ്ഞാൽ കൂടുതൽ വളണ്ടിയർമാരെ അണിനിരത്തിയ സി.പി.ഐയും ഇത്തരം നിർദ്ദേശം നൽകിയിരുന്നു.

ചില പ്രകോപനങ്ങളുണ്ടായെങ്കിലും പാർടിയുടെയും എൽ.ഡി.എഫിന്റെയും നിർദ്ദേശം പൂർണ്ണമായും പാലിച്ചുകൊണ്ടാണ് മഹാഭൂരിഭാഗം വളണ്ടിയർമാരും സമരത്തിൽ പങ്കെടുത്തത്. എല്ലാ പരിമിതികളുമായും പൊരുത്തപ്പെടാൻ വളണ്ടിയർമാർ തയ്യാറായി. പതിനായിരങ്ങൾ റോഡിൽ രാത്രി കിടന്നുറങ്ങി. ഉറങ്ങിക്കൊണ്ടിരിക്കെ മഴ പെയ്തത് ഉണ്ടാക്കിയ അസൗകര്യമൊന്നും സഖാക്കളെ അലട്ടിയില്ല. മഴ മാറി കുറച്ചുകഴിഞ്ഞപ്പോൾ അതേ റോഡിൽ തന്നെ വളണ്ടിയർമാർ കിടന്നുറങ്ങി. വിവിധ നിലവാരത്തിലുള്ള പാർടി നേതാക്കളും മറ്റ് എൽ.ഡി.എഫ് നേതാക്കളും വളണ്ടിയർമാരുടെ ഒപ്പം സമരകേന്ദ്രങ്ങളിൽ രാത്രി കഴിച്ചുകൂട്ടിയത് ശ്രദ്ധേയമായി. 15 പാചകകേന്ദ്രങ്ങളും ഭക്ഷണവിതരണ കേന്ദ്രങ്ങളും ഉണ്ടായെങ്കിലും ആയിരക്കണക്കിനു വളണ്ടിയർമാർക്ക് ഭക്ഷണമൊരുക്കുമ്പോൾ പരിമിതികൾ സ്വാഭാവികമാണ്. അതെല്ലാം തെല്ലും നീരസമില്ലാതെ സഹിക്കാൻ വളണ്ടിയർമാർ സന്നദ്ധരായി. ആഗസ്റ്റ് 13–ന് കാലത്തായപ്പോൾ പ്രഭാതകൃത്യങ്ങൾ നിർവ്വഹിക്കാൻ പല വളണ്ടിയർമാർക്കും ഉണ്ടായ അസൗകര്യം പൊറുക്കാൻ അവർ സന്നദ്ധരായി. ഉള്ള സൗകര്യം എത്ര പരിമിതമാണെങ്കിലും അതിൽ തൃപ്തിപ്പെടുന്ന ഉയർന്ന ബോധം സമരവളണ്ടിയർമാർ പ്രകടിപ്പിച്ചു. ഇത്തരം സന്നദ്ധതയിലൂടെ സഹനസമരത്തിൽ പങ്കെടുക്കുന്ന വളണ്ടിയർമാരാണ് തങ്ങളെന്ന് സമൂഹത്തിന് തെളിയിച്ചുകൊടുക്കുകയായിരുന്നു.

ആഗസ്റ്റ് 12–ന് വൈകുന്നേരം സെക്രട്ടേറിയറ്റിന് രണ്ടുദിവസം അവധി നൽകുന്നതായി സർക്കാർ പ്രഖ്യാപിച്ചു. ഉപരോധസമരം നേരിട്ട് ജീവനക്കാരെ സെക്രട്ടേറിയറ്റിനകത്തെത്തിക്കാമെന്ന സർക്കാരിന്റെ ധാരണ 12 ന്റെ അനുഭവത്തിൽ പൊളിയുകയായിരുന്നു. 12–ന് ഹാജരായ 30 ശതമാനം ജീവനക്കാർ, ഉപരോധസമരം എട്ടുമണിക്കുശേഷം വളണ്ടിയർമാരെത്തി ആരംഭിച്ചതുകൊണ്ടാണ് ഹാജരായത്. ഉപരോധസമരം തുടരുന്ന സാഹചര്യത്തിൽ സെക്രട്ടേറിയറ്റ് പ്രവർത്തിക്കാനാവില്ല എന്ന നിലപാട് ഉദ്യോഗസ്ഥതലത്തിലെ ഉന്നതർ തന്നെ എടുത്തു എന്നാണ് അറിയുന്നത്. അതു കാരണമാണ് രണ്ടു ദിവസം സെക്രട്ടേറിയറ്റിന് അവധി കൊടുത്ത് ഫലത്തിൽ 13, 14, 15 തീയതികളിൽ സെക്രട്ടേറിയറ്റിന് അവധിയാക്കാനിടയായത്. സമരഫലമായി ഭരണസിരാകേന്ദ്രം അടച്ചുപൂട്ടി ഭരണാധികാരികൾക്ക് സ്ഥലംവിടേണ്ടിവന്നത് ഭരണത്തിനെതിരായി ഉയർന്ന ജനാഭിപ്രായവും പ്രക്ഷോഭത്തിന്റെ ശക്തിയും കൂടിയാണ് കാണിക്കുന്നത്. ഉപരോധസമരത്തെ അവഗണിച്ചുപോകാൻ കഴിയാത്ത നില സർക്കാരിനുണ്ടായി. രണ്ടുദിവസം സെക്രട്ടേറിയറ്റ് അടച്ചുപൂട്ടിയ സർക്കാരിന്റെ തന്നെ അത്യസാധാരണമായ തീരുമാനം യു.ഡി.എഫ് ഭരണത്തിന്റെ തോൽവിയുടെ ആദ്യ ലക്ഷണമായിരുന്നു.

ആഗസ്റ്റ് 13–ന് രാവിലെ മ്യൂസിയം ജംഗ്ഷനിൽ വളണ്ടിയർമാർ റോഡുപരോധിച്ചു. സ്വാതന്ത്ര്യദിന പരേഡിന്റെ പരിശീലനത്തിനു വന്ന കുട്ടികൾക്ക് തിരിച്ചുപോകാനായില്ല. കുട്ടികളുള്ള വാഹനം തിരിച്ചുപോകാൻ സൗകര്യമൊരുക്കണമെന്ന് എൽ.ഡി.എഫ് നേതൃത്വത്തിനു മുന്നിൽ ഉന്നത പോലീസുദ്യോഗസ്ഥന്മാർ അഭ്യർത്ഥിച്ചു. സ്വാതന്ത്ര്യദിന ചടങ്ങിന് പരിശീലനത്തിനു പോകുന്നവരെ തടയൽ സമരത്തിന്റെ ഉദ്ദേശ്യമല്ലാത്തതിനാൽ കുട്ടികളുള്ള വാഹനം കടത്തിവിടാൻ എൽ.ഡി.എഫ് നേതൃത്വം നിർദ്ദേശിച്ചു. ബേക്കറി ജംഗ്ഷൻ റോഡും ഉപരോധത്തിൽ പെടാൻ പോകുന്നു എന്ന സൂചന സർക്കാരിന് ഇതിനകം ലഭിച്ചു.

ആഗസ്റ്റ് 13–ന് രാവിലെ ഉപരോധസമരത്തിൽ പങ്കെടുത്ത വളണ്ടിയർമാർ തുടരുമ്പോൾ തന്നെ പുതിയ വളണ്ടിയർമാർ സമരത്തിൽ ചേരാനായി വരുന്ന കാഴ്ച സമരം കൂടുതൽ ശക്തിപ്പെടുന്നു എന്ന് വ്യക്തമാക്കി. അതോടൊപ്പം, പതിനായിരത്തോളം യുവജന വളണ്ടിയർമാർ ഡി.വൈ.എഫ്.ഐയുടെ ആഭിമുഖ്യത്തിൽ 13–ന് രാവിലെ സമരത്തിൽ പങ്കെടുക്കാനെത്തിയത് സർക്കാരിനെ പരിഭ്രാന്തിയിലാക്കി. സമരത്തെ അഭിവാദ്യം ചെയ്തുകൊണ്ട് പാർടി പി.ബി അംഗം സ: ബൃന്ദാ കാരാട്ട് സംസാരിച്ചു. സമരം കൂടുതൽ കൂടുതൽ ശക്തിപ്പെടുന്നു എന്ന് മനസ്സിലാക്കിയ സർക്കാർ എൽ.ഡി.എഫ് സമരത്തിന്റെ കരുത്ത് അംഗീകരിക്കാതിരിക്കാൻ സാധ്യമല്ല എന്ന നിലപാടിലേക്ക് മനസ്സില്ലാമനസ്സോടെ എത്തിച്ചേരാൻ നിർബന്ധിതമായി. എന്തു വന്നാലും ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കില്ലെന്ന പിടിവാശി പിടിച്ച സർക്കാർ ജുഡീഷ്യൽ അന്വേഷണം നടത്താൻ തയ്യാറാണെന്ന് പ്രഖ്യാപിച്ചു.

എൽ.ഡി.എഫ് ഉപരോധസമരം പ്രഖ്യാപിച്ച ഘട്ടത്തിൽ സർക്കാർ എൽ.ഡി.എഫുമായി ചർച്ചയ്ക്ക് തയ്യാറാണെന്ന് മുഖ്യമന്ത്രി പ്രസ്താവിക്കുകയുണ്ടായി. നിയമസഭയിൽ തുടർച്ചയായി ഒമ്പതു ദിവസം അടിയന്തര പ്രമേയം അവതരിപ്പിച്ച് ചർച്ച ആവശ്യപ്പെട്ട എൽ.ഡി.എഫിന് മുഖ്യമന്ത്രിയിൽനിന്ന് ലഭിച്ച മറുപടി ചർച്ച സാധ്യമല്ലെന്നായിരുന്നു. അതുകൊണ്ട്, എൽ.ഡി.എഫ് ഉന്നയിച്ച സമര മുദ്രാവാക്യം വ്യക്തതയുള്ളതാണ്; അതിനോട് മുഖ്യമന്ത്രിയുടെ നിലപാട് വ്യക്തമാക്കുകയാണ് വേണ്ടത്, ചർച്ചയിലൂടെ തീരുമാനിക്കേണ്ട കാര്യമല്ല എന്ന നിലപാടായിരുന്നു എൽ.ഡി.എഫ് സ്വീകരിച്ചത് ഈ പശ്ചാത്തലത്തിലാണ്. സമരത്തിന്റെ കരുത്തിന്റെ ഫലമായി സർക്കാർ ഏകപക്ഷീയമായി ജുഡീഷ്യൽ അന്വേഷണം തീരുമാനിക്കാൻ നിർബന്ധിതമായത്. ചർച്ച കൂടാതെ ഒടുവിൽ രണ്ടു കാര്യം അതോടൊപ്പം മുഖ്യമന്ത്രി പ്രസ്താവിച്ചു. അന്വേഷണത്തിനായി സിറ്റിംഗ് ജഡ്ജിയുടെ സേവനം ലഭിക്കാൻ ഹൈക്കോടതിയോട് ആവശ്യപ്പെടുമെന്നതാണ് ഒന്ന്.

രണ്ടാമതായി, അന്വേഷണത്തിന്റെ ടേംസ് ഓഫ് റഫറൻസ് പ്രതിപക്ഷവുമായി ചർച്ച ചെയ്യാൻ തയ്യാറാണെന്നതും.

ആഗസ്റ്റ് 12–ന്റെ സമരത്തെക്കുറിച്ച് അവലോകനം നടത്താൻ എൽ.ഡി.എഫ് യോഗം ചേർന്നപ്പോഴാണ് മുഖ്യമന്ത്രിയുടെ മേൽപ്പറഞ്ഞ ജുഡീഷ്യൽ അന്വേഷണ പ്രഖ്യാപനം ഉണ്ടായത്. യോഗം സ്വാഭാവികമായി മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തെക്കുറിച്ച് ചർച്ച ചെയ്തു. ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചെങ്കിലും മുഖ്യമന്ത്രി രാജിവയ്ക്കാൻ സന്നദ്ധനായിട്ടില്ല. രാജിക്ക് സന്നദ്ധനാകാതെ മുഖ്യമന്ത്രി ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചതിനെക്കുറിച്ച് എൽ.ഡി.എഫ് വിശദമായി ചർച്ച ചെയ്തു. ചർച്ചയുടെ ഭാഗമായി എൽ.ഡി.എഫ് കണ്ടെത്തിയ കാര്യങ്ങൾ താഴെ കൊടുക്കുന്നു:

1. കേരളത്തിലും ഇന്ത്യയിലും താരതമ്യമില്ലാത്ത ഉജ്ജ്വലമായ ഒരു സമരപരിപാടിയായിരുന്നു എൽ.ഡി.എഫിന്റെ നേതൃത്വത്തിൽ നടക്കുന്നത്. ചരിത്രവിജയമായി മാറിയ ഉപരോധസമരത്തിന് കക്ഷിവ്യത്യാസമെന്യേ നാട്ടുകാരുടെ പിന്തുണ ലഭിച്ചിട്ടുണ്ട്. ഭരണകക്ഷിയിൽപെട്ടവരടക്കം എൽ.ഡി.എഫിന്റെ ഉപരോധസമരത്തെ അനുകൂലിച്ചു. കടുത്ത പ്രകോപനങ്ങൾക്കു മുന്നിലും തികച്ചും സമാധാനപരമായി സമരം മുന്നോട്ടുകൊണ്ടുപോകാനായി എന്നത് എല്ലാവരുടെയും പിന്തുണ നേടുന്നതിന് സഹായകരമായി. എൽ.ഡി.എഫ് ഉയർത്തിയ മുദ്രാവാക്യം ശരിയായതുകൊണ്ടാണ് ഇത്തരത്തിൽ പിന്തുണ ലഭിക്കുന്നതിനിടയാക്കിയത്. എൽ.ഡി. എഫ് മുദ്രാവാക്യത്തിലെ ജുഡീഷ്യൽ അന്വേഷണ ഭാഗം സർക്കാർ അംഗീകരിച്ച സാഹചര്യത്തിൽ ഉപരോധസമരം തുടർന്നുപോയാൽ അഭൂതപൂർവ്വമായ ജനപിന്തുണയിൽ ഒരു ഭാഗം തുടർന്നുമുണ്ടാകുമോ എന്നത് പരിശോധിക്കണം. ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ച സാഹചര്യത്തിൽ ഉപരോധസമരരൂപം തുടരുന്നത് ശരിയല്ല എന്ന് സമരത്തെ പിന്താങ്ങുന്നവരിൽ ഒരു വിഭാഗം ചിന്തിക്കാനിടയുണ്ട്. അവർ സമരം തുടരുന്നതിനോട് യോജിക്കാത്ത നിലപാട് സ്വീകരിച്ചേക്കാം.
2. ഒരു ലക്ഷത്തോളം വളണ്ടിയർമാർ അണിനിരന്ന ഒരു സമരം തിരുവനന്തപുരം നഗരത്തെ വീർപ്പുമുട്ടിക്കുകയാണ്. എന്നാൽ, നഗരവാസികളിൽനിന്ന് നേരിയ ഒരു അപസ്വരം പോലും ഉയർന്നില്ല. സമരത്തെ അനുകൂലിക്കുന്ന നിലപാടാണ് പൊതുവിൽ നഗരവാസികളിൽനിന്നുണ്ടായത്. ജുഡീഷ്യൽ അന്വേഷണ പ്രഖ്യാപനം തള്ളി സമരം മുന്നോട്ടുപോയാൽ നഗരവാസികളിൽ ഒരു വിഭാഗം സമരം തുടരുന്നതിനോട് വിയോജിക്കുന്ന നിലപാട് സ്വീകരിക്കാൻ സാധ്യതയുണ്ട്.
3. എൽ.ഡി.എഫിനു പുറത്തുനിന്നുപോലും നല്ല ജനപിന്തുണയോടെ തുടരുന്ന സമരത്തിന് ഇതിന്റെയെല്ലാം ഫലമായി ജനപിന്തുണയിൽ ഒരു ഭാഗം നഷ്ടപ്പെടാൻ ജുഡീഷ്യൽ അന്വേഷണ പ്രഖ്യാപനത്തിനുശേഷം സാധ്യതയുണ്ട്.
4. സൂക്ഷ്മമായി വരുംവരായ്കകൾ വിശകലനം ചെയ്യാത്ത കുറെ സമരവളണ്ടിയർമാരും എൽ. ഡി.എഫിന്റെ അണികളും മുഖ്യമന്ത്രിയുടെ രാജി കൂടി ഉണ്ടാകുന്നതുവരെ ഉപരോധസമരം തുടരണമെന്ന് ചിന്തിക്കാം.
5. സമരത്തിന്റെ സുശക്തമായ വിജയത്തെത്തുടർന്ന് കൈവരിക്കാൻ കഴിഞ്ഞ ശ്രദ്ധേയമായ നേട്ടമാണ് സിറ്റിംഗ് ജഡ്ജിയുടെ നേതൃത്വത്തിൽ പ്രതിപക്ഷവുമായി ആലോചിച്ച് നിശ്ചയിക്കുന്ന ടേംസ് ഓഫ് റഫറൻസ് പ്രകാരമുള്ള ജുഡീഷ്യൽ അന്വേഷണമെന്നതിനാൽ, മുഖ്യമന്ത്രിയുടെ രാജിക്കുവേണ്ടിയുള്ള സമരം മറ്റു രൂപത്തിൽ മുന്നോട്ടുകൊണ്ടുപോകാം എന്ന പ്രഖ്യാപനത്തോടെ ഉപരോധ സമരരൂപം അവസാനിപ്പിക്കുകയാണ് ഏറ്റവും ഉചിതമായ തീരുമാനം എന്ന നിഗമനത്തിൽ എൽ.ഡി.എഫ് എത്തിച്ചേർന്നു.

മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാം പരിശോധിച്ച് മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റ് ഉപരോധസമരം അവസാനിപ്പിക്കാൻ എൽ.ഡി.എഫ് തീരുമാനിച്ചു. എൽ. ഡി.എഫ് തീരുമാനം സെക്രട്ടേറിയറ്റിനു മുന്നിൽ വച്ച് പ്രഖ്യാപിക്കാൻ നിശ്ചയിച്ചു. ഉപരോധസമരത്തിൽ വിവിധ കേന്ദ്രങ്ങളിലുള്ള വളണ്ടിയർമാർ സെക്രട്ടേറിയറ്റിനു മുന്നിലുള്ള റോഡിലെത്തിച്ചേരാൻ നിർദ്ദേശം കൊടുത്തു.

എല്ലാ വളണ്ടിയർമാരും ഒന്നിച്ചെത്തിക്കഴിഞ്ഞപ്പോൾ എൽ.ഡി.എഫ് തീരുമാനമറിയിക്കാനുള്ള യോഗം ആരംഭിച്ചു. ഉപരോധസമരരൂപം അവസാനിപ്പിക്കുന്നു എന്ന പ്രഖ്യാപനം വമ്പിച്ച ഹർഷാരവത്തോടെയാണ് സമരവളണ്ടിയർമാർ സ്വീകരിച്ചത്. ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ച സാഹചര്യത്തിൽ ഉപരോധസമരം പിൻവലിക്കുകയാണെന്നും മുഖ്യമന്ത്രി രാജിവയ്ക്കണമെന്ന മുദ്രാവാക്യവും പ്രസ്തുത ആവശ്യമുയർത്തിയുള്ള പ്രക്ഷോഭവും ശക്തമായി തുടരുമെന്നും എൽ.ഡി.എഫ് പ്രഖ്യാപിക്കുകയുണ്ടായി.

ഉപരോധസമരം അവസാനിപ്പിച്ചതിനെ പൊതുസമൂഹം അനുകൂലിക്കുകയാണ്. ഈ സമരം പൊതുവിൽ എൽ.ഡി.എഫിന്റേയും പ്രത്യേകിച്ച് സി.പി.ഐ (എം) ന്റേയും യശസ്സ് ഉയർത്തിയിരി

ക്കുകയാണ്. സി.പി.ഐ (എം) ന്റെ സംഘടനാശേഷിയും അച്ചടക്കവും പൊതുവിൽ എല്ലാ വിഭാഗങ്ങളാലും പ്രശംസിക്കപ്പെട്ടു. ഒരു ലക്ഷത്തോളം വളണ്ടിയർമാർ ത്യാഗപൂർവ്വം പ്രകോപനങ്ങൾക്ക് വശംവദരാകാതെ, 30 മണിക്കൂറോളം വെറും തറയിൽ ക്ഷമാപൂർവ്വം അണിനിരന്നത് എതിരാളികളെപ്പോലും അമ്പരിപ്പിച്ച സംഭവമാണ്. ഇത്തരമൊരു അംഗീകാരം ഇഷ്ടപ്പെടാത്ത ശക്തികൾ എൽ.ഡി.എഫും പാർടിയും ചെറുതായി കാണണമെന്നുള്ള ആഗ്രഹത്തിന്റെ അടിസ്ഥാനത്തിൽ ചരിത്രവിജയമായ സമരത്തെ ഒന്നും നേടാത്ത ഒരു സമരമായി ചിത്രീകരിക്കാനുള്ള ശ്രമം തുടങ്ങി. സമരഘട്ടത്തിൽ താഴെതലം മുതൽ നേതൃതലം വരെ എൽ.ഡി.എഫിൽ ഉയർന്നുവന്ന ഐക്യം വരുന്ന തെരഞ്ഞെടുപ്പിലും മറ്റും യു.ഡി.എഫിന് വൻ പ്രയാസമുണ്ടാക്കുമെന്ന ഭീതിയുള്ള യു.ഡി.എഫ് കേന്ദ്രങ്ങൾ ഇത്തരം പ്രചാരമത്തിലേർപ്പെടുന്നുണ്ട്.

ഉയർന്ന അച്ചടക്കം പാലിച്ച് സമരവളണ്ടിയർമാർ സമരത്തിൽ പങ്കെടുത്തത് എൽ.ഡി.എഫിന്റെയും പാർടിയുടെയും അന്തസ്സ് ഉയർത്തിയെങ്കിലും ചില മാധ്യമങ്ങൾക്കെങ്കിലും ഏതെങ്കിലും ഘട്ടത്തിൽ അനിയന്ത്രിതാവസ്ഥ ഉണ്ടാകുമെന്നും ഉദ്വേഗജനകമായ ദൃശ്യങ്ങൾ ലഭ്യമാകുമെന്നും പ്രതീക്ഷയുണ്ടായിരുന്നു. അതുണ്ടാകാതെ സമരം വിജയകരമായി അവസാനിക്കുന്നത് അവയിൽ നിരാശ ഉയർത്തി. സമരം അവസാനിപ്പിക്കാൻ തീരുമാനിച്ച എൽ.ഡി.എഫിനെ ആ ഘട്ടത്തിൽ പ്രശംസിച്ച ചില മാധ്യമങ്ങൾ പിന്നീട് യു.ഡി.എഫ് രാഷ്ട്രീയത്തിന്റെ ഭാഗമായി വാദങ്ങളുയർത്തി.

സമരഘട്ടത്തിൽ കേരളത്തിലുയർന്നുവന്ന ഗൗരവമായ പ്രശ്നത്തിൽ ഇടപെടാനാകാതെ മാറിനിൽക്കുന്ന ബി.ജെ.പി സമരം അവസാനിപ്പിച്ചപ്പോൾ സമരത്തെ അപഹസിക്കാൻ മുന്നോട്ടുവന്നു. എൽ.ഡി.എഫിന്റെ ചില നേതാക്കൾ അണിയറയ്ക്കുള്ളിൽ യു.ഡി.എഫിലെ പ്രമുഖരുമായി കൂടിയാലോചിച്ചാണ് സമരം അവസാനിപ്പിച്ചതെന്നും ഇതിൽ ഗൂഢാലോചനയുണ്ടെന്നും ബി. ജെ.പി ആരോപിച്ചു. പരിഹാസ്യമായ ഈ ആരോപണത്തിന് ചില മാധ്യമങ്ങൾ പ്രചാരണം നൽകി. അതോടൊപ്പം, ചില മധ്യസ്ഥർ സമരം ഒത്തുതീർക്കാൻ രംഗത്തുവന്നിരുന്നെന്നും ഇക്കൂട്ടർ ആരോപിച്ചു. എന്തും വിളിച്ചുപറയാൻ പ്രയാസമില്ലാത്ത ഇവർ ചന്ദ്രശേഖരൻ കേസിനെയും ലാവ്ലിൻ കേസിനെയും ഗൂഢാലോചനയുടെ ഭാഗമായി അണിനിരത്തി. രാഷ്ട്രീയ ശത്രുക്കളോട് ഒത്തുകളിക്കുന്ന സംസ്കാരം വോട്ട് വിൽപ്പനയിലൂടെ തുടർന്നുവന്ന പാർടിയാണ് ബി.ജെ.പി. മഹാത്മാഗാന്ധി കോളേജിൽ ആർ.എസ്.എസ് നേതൃത്വത്തിൽ നടന്ന അത്യന്തം ഹീനമായ ആക്രമണത്തിന്റെ ഭാഗമായി പോലീസ് നടപടികൾ ഉണ്ടാകാതിരിക്കാൻ സർക്കാരുമായി ഒത്തുതീർപ്പുണ്ടാക്കിയത് ബി.ജെ.പിയാണ്. അതിന്റെ ഭാഗമായി സർക്കാരിനെതിരെ നടത്തിവന്ന സമരം ബി.ജെ.പി ഉപേക്ഷിച്ചു. കോളേജിൽ ആക്രമണം നടത്തിയവരിൽ ആരെയും അറസ്റ്റു ചെയ്യാൻ പോലീസ് തയ്യാറായില്ല. ഇത്തരത്തിലുള്ള ഒരു പാർടി ഉന്നയിച്ച ആരോപണം സമൂഹത്തിൽ ചലനമൊന്നും ഉണ്ടാക്കിയില്ല.

ഉപരോധസമരഘട്ടത്തിൽ യു.ഡി.എഫിനകത്ത് ഭിന്നത ശക്തിപ്പെട്ടുവന്നു. ചില ഘടകകക്ഷികൾ പരസ്യനിലപാട് സ്വീകരിക്കുകയുണ്ടായി. മന്ത്രി പദവിയുള്ള ചീഫ് വിപ്പ് കേരളാ കോൺഗ്രസ് നേതാവ് പി.സി. ജോർജ്ജ് മുഖ്യമന്ത്രി രാജിവയ്ക്കേണ്ടതാണെന്ന് ഒരു ഘട്ടത്തിൽ പരസ്യമായി പ്രഖ്യാപിച്ചു. കേരളാ കോൺഗ്രസ് നേതാവ് കെ.എം. മാണി ഒരു പൊതു പരിപാടിയിൽ സംസാരിക്കുമ്പോൾ വേണ്ടിവന്നാൽ കേരളാ കോൺഗ്രസ് തെരഞ്ഞെടുപ്പിൽ ഒറ്റയ്ക്ക് മത്സരിക്കാൻ തയ്യാറാണെന്നും പ്രഖ്യാപിച്ചു. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ ഉന്നതതല യോഗം കഴിഞ്ഞതിനുശേഷം, വരുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഒറ്റയ്ക്ക് മത്സരിക്കാൻ മടിക്കില്ലെന്ന് ലീഗ് പ്രഖ്യാപിച്ചു. സോളാർ പ്രശ്നം ഉയർന്നുനിൽക്കെ ഉമ്മൻചാണ്ടി നയിക്കുന്ന ക്യാബിനറ്റിലേക്ക് താൻ ഇല്ലെന്ന കെ.പി.സി.സി പ്രസിഡന്റ് രമേശ് ചെന്നിത്തലയുടെ പരസ്യനിലപാട് കോൺഗ്രസ്സിനുള്ളിലെ ഗ്രൂപ്പ് വഴക്ക് മൂർച്ഛിപ്പിച്ചു.

സമരം അവസാനിപ്പിച്ചതായി എൽ.ഡി.എഫ് പ്രഖ്യാപിച്ചതിനുശേഷം മുഖ്യമന്ത്രി നടത്തിയ പത്രസമ്മേളനത്തിൽ ഉയർന്ന ചോദ്യത്തിനു മറുപടിയായി മുഖ്യമന്ത്രിക്കെതിരെയും മുഖ്യമന്ത്രിയുടെ ഓഫീസിനെതിരെയും തെളിവുകളൊന്നും ഇല്ലാത്തതിനാൽ മുഖ്യമന്ത്രിയും ഓഫീസും ജുഡീഷ്യൽ അന്വേഷണപരിധിയിൽ പെടേണ്ടതില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞത് അംഗീകരിക്കാനാകുന്നതല്ല. എൽ.ഡി.എഫ് ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ടത് സോളാർ കേസിൽ മുഖ്യമന്ത്രിക്കും ഓഫീസിനും പങ്കാളിത്തമുള്ളതുകൊണ്ടാണ്. മറ്റുള്ളവരുടെ പങ്കാളിത്തത്തെക്കുറിച്ച് പോലീസ് അന്വേഷിച്ചാൽ മതി. പോലീസന്വേഷണത്തിൽ മുഖ്യമന്ത്രിയുടെ പങ്ക് പുറത്തുവരില്ല. അതുകൊണ്ടാണ് ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ടത്. മുഖ്യമന്ത്രിയും മുഖ്യമന്ത്രിയുടെ ഓഫീസും ഉൾപ്പെടാത്ത ജുഡീഷ്യൽ അന്വേഷണം കേവലം പ്രഹസനം മാത്രമാകും. അതുകൊണ്ടുതന്നെ അതംഗീകരിക്കാനാവില്ലെന്ന് എൽ.ഡി.എഫ് അസന്നിഗ്ദ്ധമായവിധം വ്യക്തമാക്കി.

മുഖ്യമന്ത്രിയുടെ രാജി കൂടി ആവശ്യപ്പെട്ടുള്ള സമരം മുഖ്യമന്ത്രി രാജിവയ്ക്കാതെ അവസാനിപ്പിച്ചതിൽ ചെറിയ ഒരു വിഭാഗം എൽ.ഡി.എഫ് പ്രവർത്തകർക്ക് കുറച്ചൊക്കെ ആശയക്കുഴപ്പവും ചെറിയതോതിൽ നിരാശയും ഉണ്ടായാൽ അതിൽ അസ്വാഭാവികതയില്ല. ജുഡീഷ്യൽ

അന്വേഷണം പ്രഖ്യാപിച്ചതിനുശേഷവും സെക്രട്ടേറിയറ്റ് ഉപരോധസമരം നീട്ടിക്കൊണ്ടുപോയാൽ ആദ്യഘട്ടങ്ങളിൽ പ്രക്ഷോഭത്തെ അനുകൂലിച്ച പുതിയ ചില ജനവിഭാഗങ്ങൾ ഒരു പരിധി വരെ അകന്നുപോയെന്നുവരാം.

സർക്കാർ പ്രഖ്യാപനം വന്ന ഉടനെ സമരം പിൻവലിക്കേണ്ടതില്ലായിരുന്നു, കുറെസമയം കഴിഞ്ഞ് വൈകുന്നേരമോ മറ്റോ പിൻവലിച്ചാൽ മതിയായിരുന്നു എന്നൊരു വാദം ചിലർ ഉയർത്തുന്നുണ്ട്. സമരം പിൻവലിച്ചതിനോട് യോജിച്ചുകൊണ്ടാണ് ഈ വാദം ഉയർത്തുന്നത്. എൽ.ഡി.എഫ് യോഗം ചേർന്നുകൊണ്ടിരിക്കെയാണ് മുഖ്യമന്ത്രിയുടെ ജുഡീഷ്യൽ അന്വേഷണ പ്രഖ്യാപനം ഉണ്ടാകുന്നത്. അപ്പോൾ തന്നെ ഉപരോധസമരം അവസാനിപ്പിക്കാൻ എൽ.ഡി.എഫ് തീരുമാനിച്ചു. ഏതെങ്കിലും ഘടകകക്ഷി തങ്ങൾക്ക് ആലോചിക്കാൻ സമയം വേണമെന്ന് എൽ.ഡി.എഫ് യോഗത്തിൽ ആവശ്യപ്പെട്ടിരുന്നെങ്കിൽ പ്രസ്തുത യോഗത്തിൽ തീരുമാനമുണ്ടാകില്ലായിരുന്നു. എല്ലാ പാർടികളും അനുകൂലിച്ചുകൊണ്ടാണ് സമരം അവസാനിപ്പിക്കൽ തീരുമാനമുണ്ടായത്. എൽ.ഡി.എഫ് തീരുമാനം സെക്രട്ടേറിയറ്റിനു മുന്നിൽ പ്രഖ്യാപിക്കാൻ വൈകുന്നേരം വരെ കാത്തുനിൽക്കുന്നത് പ്രായോഗികമായി ചില പ്രശ്നങ്ങളുണ്ടാക്കും. എൽ.ഡി.എഫ് ഉപരോധസമരം അവസാനിപ്പിച്ചു എന്ന വാർത്ത പരക്കുന്നതോടെ സമരത്തിന്റെ ഗൗരവം നഷ്ടപ്പെടും. സമരം അവസാനിപ്പിക്കുന്നതു സംബന്ധിച്ച് എൽ.ഡി.എഫിനുള്ള കാഴ്ചപ്പാട് വിശദീകരിക്കാൻ വൈകുന്നത് ആശയക്കുഴപ്പമുണ്ടാക്കും. അതേവരെ പ്രശംസനീയ രീതിയിൽ അച്ചടക്കം പാലിച്ച് സമരത്തിൽ പങ്കെടുക്കുന്ന വളണ്ടിയർമാർക്ക് എത്രയുംവേഗം എൽ.ഡി.എഫ് തീരുമാനം അറിയാൻ സൗകര്യമൊരുക്കുകയാണ് ശരി. പാലിച്ചുവന്ന അച്ചടക്കം വളണ്ടിയർമാർ സമരം അവസാനിപ്പിക്കുന്ന ഘട്ടത്തിലും പിരിഞ്ഞുപോകുമ്പോഴും നിലനിർത്തണമെന്ന കാഴ്ചപ്പാട് സമരനേതൃത്വത്തിനുണ്ടായിരുന്നു. ആ രീതിയിൽ അവസാനിപ്പിച്ചതുകൊണ്ടുതന്നെയാണ് ഉപരോധസമരത്തിന് വൻതോതിൽ പ്രശംസ ലഭിച്ചത്.

പൂർണ്ണമായി നമുക്ക് സംഘടിപ്പിക്കാൻ സാധ്യമാണോ എന്ന ആശങ്ക സൃഷ്ടിക്കുംവിധമുള്ള സജ്ജീകരണങ്ങളാണ് തിരുവനന്തപുരത്ത് സമരവളണ്ടിയർമാർക്കുവേണ്ടി രൂപപ്പെടുത്തേണ്ടിയിരുന്നത്. സംഘാടകസമിതി, ശ്ലാഘനീയമായ വിധത്തിൽ, അവസരത്തിനൊത്തുയർന്ന്, രാപ്പകൽ അധ്വാനിച്ച്, അതൊക്കെ ക്രമീകരിക്കുന്നതിൽ ശ്രദ്ധിച്ചു. പാർടിയുടെയും എൽ.ഡി.എഫിന്റെയും തിരുവനന്തപുരം ജില്ലാകമ്മിറ്റി ഇക്കാര്യത്തിൽ പൂർണ്ണമായ അഭിനന്ദനം അർഹിക്കുന്നു. മുമ്പൊരിക്കലും ഏറ്റെടുത്തിട്ടില്ലാത്ത സമരരൂപങ്ങളും രീതികളും ഏറ്റെടുക്കുവാൻ നമുക്ക് ധൈര്യം പകരുന്ന ഒരനുഭവമാണ് ഉപരോധസമരം പകർന്നുനൽകുന്നത്. ഒപ്പം ശ്രദ്ധിക്കേണ്ട കുറവുകളും ദൗർബല്യങ്ങളും സൂക്ഷ്മമായി കണ്ടെത്തി തിരുത്താനും നമുക്ക് കഴിയണം. പാർടിയിലെയും എൽ.ഡി.എഫിലെയും ഐക്യവും നമ്മുടെ യശ്ശസ്സുയർത്തിയ ഘടകമാണ്. ഇത് കാത്തുസൂക്ഷിക്കാനാവണം.

ഉപരോധസമരം എല്ലാ അർത്ഥത്തിലും ചരിത്രവിജയമായി മാറി. എൽ.ഡി.എഫ് ഉയർത്തിയ മുദ്രാവാക്യത്തിന്റെ ഭാഗമായ മുഖ്യമന്ത്രിയുടെ രാജി നേടിയെടുക്കാൻ ശക്തമായ പ്രക്ഷോഭം തുടരേണ്ടതാണ്. നിലവിൽ മുഖ്യമന്ത്രിയെ ബഹിഷ്കരിക്കുന്ന പരിപാടി തുടരും. മുഖ്യമന്ത്രിക്കെതിരെ കരിങ്കൊടി കാണിക്കുന്നത് എൽ.ഡി.എഫിന്റെ നേതൃത്വത്തിൽ നല്ല ജനപങ്കാളിത്തത്തോടെ തുടരേണ്ടതാണ്. മറ്റു സമരമാർഗങ്ങൾ എൽ.ഡി.എഫ് തീരുമാനിക്കുന്നതാണ്.

* * *